(സി) 8 കേസുകളിൻമേൽ പ്രതികളെ അറസ്റ്റു ചെയ്യാനും കൂടുതൽ പ്രതികളെ തിരിച്ചറിഞ്ഞും അറസ്റ്റു ചെയ്യുവാനും ബാക്കിയുണ്ട്. നാലു കേസുകളിൻമേൽ കൂടുതൽ അന്വേഷണം നടത്തി തെളിവുകൾ ശേഖരിക്കേണ്ടതായിട്ടുണ്ട്.

(ഡി) 51 കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള പ്രതികൾക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

## പെൺവാണിഭ കേസുകളുടെ വിചാരണ

99 [54] *ശ്രീ. വി. ചെന്താമരാക്ഷൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-നുശേഷം 2005 മേയ് 31 വരെയുള്ള കാലയളവിൽ എത്ര പെൺവാണിഭക്കേസുകൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) എത്ര പേരെ അറസ്റ്റു ചെയ്തിട്ടുണ്ട്;

(ഡി) എത്ര കേസുകളിൽ പ്രതികൾക്ക് ശിക്ഷ ലഭിച്ചിട്ടുണ്ട്;

(ഇ) എത്ര കേസുകൾ ഇപ്പോഴും വിവിധ കോടതികളിലായി വിചാരണ തുടരുന്നു എന്നറിയിക്കാമോ?

*ഉത്തരം*

(എ) 52 കേസുകൾ.

(ബി) 52 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) 52 കേസുകളിലായി 299 പേരെ അറസ്റ്റു ചെയ്തിട്ടുണ്ട്.

(ഡി) പ്രതികളെ ശിക്ഷിച്ചിട്ടില്ല.

(ഇ) 38 കേസുകൾ.

## പെൺവാണിഭക്കേസ് അന്വേഷണത്തിന് പ്രത്യേക പോലീസ് സംവിധാനം

100 [55] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2005 മേയ് 31 വരെ എത്ര പെൺവാണിഭ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ എത്ര കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly